## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2918** — **18.06.2019-ൽ** മറുപടിക്ക്

**മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും | മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ബൈപ്പാസ് ദേശീയപാത 966(പഴയ എൻ.എച്ച് 213)-ൽ വരുന്നതാണ്. പ്രസ്തുത ബൈപ്പാസ് 45 മീറ്റർ സ്ഥലമെടുത്ത് നാലുവരിപ്പാതയായി നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന കൺസൾട്ടന്റായി M/s. കിറ്റ്കൊ ലിമിറ്റഡ് കൊച്ചി-ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തി നടന്നുവരുന്നതുമാകുന്നു. ബൈപ്പാസിന്റെ അലൈൻമെന്റ് ഓപ്ഷന് കേന്ദ്ര മന്ത്രാലയത്തിൽ നിന്നും അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ കേന്ദ്ര പദ്ധതിയിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ.തയ്യാറാക്കിയിട്ടുണ്ടോ; | | |
| (സി) ഈ പ്രവൃത്തി സംബന്ധിച്ച് കിറ്റ്കോ സമർപ്പിച്ച ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഫീസിബിലിറ്റി റിപ്പോർട്ട്, അലൈൻമെന്റ് ഓപ്ഷൻ എന്നിവയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (ഡി) ബൈപ്പാസുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; | | |
| (ഇ) ഡി.പി.ആർ. അംഗീകാരം ലഭിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ